മാതൃഭൂമി ആഴ്ചപ്പതിപ്പ്

പുസ്തകം: 49 1972 ജനവരി 30 ലക്കം: 46

# ദേവാസുര യുദ്ധം


ഡോക്ടർ കെ. ഭാസ്കരൻ നായർ

ഏത് അർത്ഥത്തിൽ നോക്കിയാലും ഈയ്യിടെ നടന്നത് ഒരു ദേവാസുരയുദ്ധമാണെന്നു പറയാതെതരമില്ല. ഭൂതദയയുടെയും സമസൃഷ്ടസ്നേഹത്തിൻെറയും ശരണാഗതവത്സലത്വത്തിൻെറയും ദിവ്യസംസ്കാരമാണ് ഒരു വശത്തു നിന്നതു്. കോടിക്കണക്കിൽ കൂടപ്പിറപ്പുകളെ പച്ചജീവനോടെ കശാപ്പു ചെയ്യാൻ കൂസലില്ലാത്ത അസുരസംസ്കാരം മറുവശത്തും. ഇതു് ജയിച്ച കൂട്ടർ തോററവരെപററി പറഞ്ഞു പരത്തിയ കെട്ടുകഥകളല്ല. 1971 മാർച്ച് മാസം 25-ാംനു-ക്കശേഷം തൻെറ ആജ്ഞയനുസരിച്ച് പാകിസ്ഥാനി പട്ടാളം കുറഞ്ഞതു് പത്തുലക്ഷം ബംഗാളികളെ കൊന്നിട്ടുണ്ടെന്നു്യുദ്ധം തുടങ്ങുന്നതിനു മുമ്പു തന്നെ യഹ്യാഖാൻ പ്രസ്താവിക്കുകയുണ്ടായി. താൻ മനുഷ്യരെ നേർക്കു നേരെ കൊല്ലുവാൻ പഠിച്ച ഒരു യോദ്ധാവാണെന്നും, പ്രസ്തുത കൃത്യത്തിൽ ഒരു ഖേദവുമില്ലെന്നും, ഒരു മഹാകാര്യം സാധിച്ച മട്ടിൽ ആ അശുഹൃദയൻ പ്രഖ്യാപിച്ചു. അതിനും പുറമെ നൂറു ലക്ഷം ജനങ്ങളെ വീടും കുടിയും ഇളക്കി കണ്ണുനീരും കൈയുമായി ഇന്ത്യയിലേയ്ക്കു് ആട്ടിയോടിക്കുകയും ചെയ്തു. നൂറു ലക്ഷം എന്നു പറയുന്നതു് കേരളത്തിലെ ജനസംഖ്യയുടെ പകുതിയാണെന്നു് ഓർമ്മിക്കണം. അഭയാർത്ഥികളുടെ ഈ സംഖ്യ യഹ്യാ അംഗീകരിച്ചുവോ എന്നു് നിശ്ചയമില്ല. പക്ഷേ വിദേശീയരായ എത്രയോ നിരീക്ഷകന്മാർ നേരിട്ടു കണ്ടു് മനസ്സിലാക്കുകയും ലോകത്തിൻെറ ശ്രദ്ധയിൽ പെടുത്തുവാൻ നിരന്തരം ശ്രമിക്കുകയും ചെയ്ത വസ്തുതയാണതു്. യഹ്യാ തന്നെ നടത്തിയ തിരഞ്ഞെടുപ്പിൽ എതിർത്തു വോട്ടു് ചെയ്തു എന്നതാണ് നിരായുധരായ ഈ നൂററിപ്പത്തുലക്ഷം ജനങ്ങൾ ചെയ്ത അപരാധം! ഇരുപതാം നൂററാണ്ടിൻെറ അന്ത്യദശയിൽ, ഡെമോക്രസിയുടെ ഈ സുവർണ്ണയുഗത്തിൽ ഇതു നടന്നു.

1947-നു ശേഷം പല പ്രാവശ്യവും സംഭവിച്ചതു് പോലെ അഭയാർത്ഥികളുടെ ഈ ഭാരവും ഭാരതം ചുണ കെട്ടു് സഹിച്ചു കൊള്ളുമെന്നും, പാകിസ്ഥാനെ ശുദ്ധീകരിച്ച പരമസുഖത്തിൽ സ്വേച്ഛാഭരണം തുടരാമെന്നും ആണ് കണ്ണിൽ ചോരയില്ലാത്ത ആ ഭയങ്കരൻ സങ്കല്പിച്ചതു്. പക്ഷേ ദുഃഖത്തിൽ നീറിയ ഒരു കോടിയിൽപരം ആത്മാക്കളുടെ നിലവിളി ഈശ്വരൻ കേട്ടു. അവരുടെ ഭയങ്കരശാപം ഫലിക്കുകയും ചെയ്തിരിക്കുന്നു.

ഇന്ത്യാ—പാകിസ്ഥാൻ യുദ്ധത്തിൻെറ ര

വെള്ളം കണ്ടപ്പോഴേ വേഗത്തിലൊരു കുളി —മുന്നണിയിലെ ജവാന്മാർക്ക് കുളി വല്ലപ്പോഴും മാത്രം കിട്ടുന്ന ഒരു സൌഭാഗ്യമാണ്



Digitized by Kerala Sahitya Akademi



പാക്ക് തടവുകാർ

ഷ്ടീയവശം മാത്രമേ ബാഹ്യലോകം കണ്ടുള്ളൂ—കാണാൻ കൂട്ടാക്കിയുള്ളൂ. നമ്മുടെ പ്രധാനമന്ത്രി, അവസാനനിമിഷത്തിൽ, ലോകനേതാക്കളെന്നു പറയുന്ന രാഷ്ട്രത്തലവന്മാരെ അവരവരുടെ രാജ്യത്തു ചെന്നു നേരിട്ട് കണ്ട് വിസ്തരിച്ച് വിവരം ധരിപ്പിച്ചിട്ടും അവർ കണ്ണു തുറന്നില്ല. ഒരു സ്ത്രീയായതുകൊണ്ട് ''പാശമമ്പൊടു കൊണ്ടുവാ യദുപാശനെയിഹ കെട്ടുവാൻ'' എന്ന് പറഞ്ഞില്ലെന്നേയുള്ളൂ. താന്താങ്ങളുടെ പാരമ്പര്യങ്ങളും ജന്മവാസനകളും അനുസരിച്ച് നന്മതിന്മകളുടെ ഈ പോരാട്ടത്തിൽ അവർ പക്ഷം ചേർന്നു. ഇന്ത്യയെ ആക്രമണകാരിയായി കുറ്റപ്പെടുത്തിക്കൊണ്ടു ഐക്യരാഷ്ട്രസംഘടനയിൽ അവതരിപ്പിച്ച പ്രമേയത്തെ അനുകൂലിച്ച് നൂറിൽ പരം രാഷ്ട്രങ്ങൾ വോട്ടു ചെയ്തു. എണ്ണത്തിലും കൗരവരൂപം ഒത്തിരിക്കുന്നു! ആ പ്രമേയം കൊണ്ടു ഒരു പ്രയോജനവുമില്ലെന്നും അതു നടപ്പാക്കുവാൻ ഐക്യരാഷ്ട്ര സംഘടനയ്ക്കു കഴിവില്ലെന്നും അറിഞ്ഞുകൊണ്ടു തന്നെയാണ് അവർ വോട്ടു ചെയ്തത്. അതായത്, അടിയന്തരമായി ഒരു പോംവഴിയുണ്ടാക്കുവാൻ വേണ്ടിയുള്ള വ്യഗ്രതയിൽ ചെയ്തതല്ലെന്നർത്ഥം. ഇന്ത്യയുടെ സൽപ്പേരിനു കളങ്കം വരുത്താം എന്ന ഹീനമായ ഉദ്ദേശം മാത്രമേ ആ നടപടിയിൽ ഉണ്ടായിരുന്നുള്ളൂ. ഇങ്ങിനെ 'പാപം ചെയ്തിട്ടില്ലാത്തവരായി' ഇന്ത്യയെ കല്ലെറിഞ്ഞവരുടെ കൂട്ടത്തിൽ അമേരിക്കയും ചൈനയും മാത്രമല്ല, സിലോണുമുണ്ട്. ഗ്രഹണസമയത്ത് ഞാഞ്ഞൂലും തല പൊക്കുമെന്നാണല്ലോ പറയുന്നതു്. അവിടെയുണ്ടായ അതിവിപുലമായ അട്ടിമറിപ്രസ്ഥാനത്തെ അമർച്ച ചെയ്യുവാൻ ഇന്ത്യ ഉദാരമായി സഹായിച്ചതു് ഇന്നലെയാണ്. പിന്നെ, ഇസ്ലാമി കരാജ്യങ്ങളും മുഴുവനുമുണ്ട്. ആഫ്റിക്കയിലെയും യൂറോപ്പിലെയും തെക്കെ അമേരിക്കയിലെയും രാജ്യങ്ങളുണ്ട്. ഭൗതികമായ ഉൽക്കർഷത്തിനുവേണ്ടി അന്യരാജ്യങ്ങളും കൈയേറിയവരും, സ്വർണ്ണം എന്നു പറയുന്ന മഞ്ഞ നിറമുള്ള മൺകട്ടക്കു വേണ്ടി ഒരു ദ്രോഹവും ചെയ്യാത്ത പ്രാചീന ജനങ്ങളെയും അവരുടെ സംസ്കാരത്തെയും നശിപ്പിച്ചവരും, അടിമക്കച്ചവടം നടത്തി സമ്പത്തു നേടിയവരും അടിമകളുടെ തന്നെ സന്തതികളും അക്കൂട്ടത്തിലുണ്ട്. സുഖാന്വേഷണമാണ് മനുഷ്യജീവിതത്തിന്റെ പരമധർമ്മം എന്നു കരുതി ഭൂമിയിലെ വിഭവങ്ങളും മുഴുവനും ഈ തലമുറയിൽ തന്നെ തിന്നു തീർക്കുവാൻ വെമ്പുന്നവരും, സ്വന്തം മണ്ണിലും ജലാശയങ്ങളിലും വായുമണ്ഡലത്തിലും മാത്രമല്ല മഹാസമുദ്രങ്ങളിൽ പോലും ഭയാനകമായ വ്യവസായവിഷങ്ങളും കലർത്തുന്നവരും അവിടെയുണ്ട്.

തങ്ങളും വലിയ തെറ്റുകളും അപരാധങ്ങളും ചെയ്തുപോയെന്ന് ഭൂട്ടോ പോലും ഇപ്പോൾ സമ്മതിക്കുന്നു. ഒരു ഘോരയുദ്ധത്തിൽ തോൽവി പറ്റിയതിനു ശേഷമാണെങ്കിലും, സമ്മതിച്ചുവല്ലോ. വായിൽ തോന്നിയതു് കോതയ്ക്കു പാട്ട് എന്ന മട്ടിൽ സംസാരിക്കുന്ന ഭ്രാന്തനാണെങ്കിലും അത്രയും സദ്ബുദ്ധി തോന്നിയതിന് ആ മനുഷ്യനെ മാനിക്കാം. പക്ഷേ നിക്സനും, മാവോയും, മറ്റുള്ള പേരില്ലാത്ത കൗരവന്മാർക്കും അങ്ങിനെയുള്ള വിചാരമൊന്നും ഉണ്ടാകാത്തതിന്റെ കാരണമെന്താണ്? മാതൃഭൂമിയെയും അതിന്റെ അഭിമാനത്തെയും സംരക്ഷിക്കുവാൻ വേണ്ടി ജീവൻ ബലികൊടുത്ത ധീരന്മാരായ നമ്മുടെ ജവാന്മാരെപ്പറ്റി അന്യരാജ്യക്കാർ ഒന്നും പറയാത്തതിൽ അൽഭുതപ്പെടേണ്ടതില്ല. ഈ രാജ്യത്തെ ജനസഞ്ചയത്തിന്റെ കൃതജ്ഞത മാത്രമേ അവർ പ്രതീക്ഷിച്ചിട്ടുള്ളൂ. ഭാരതഭൂമി ഉള്ള കാലത്തോളം അവരെ മറക്കുകയുമില്ല. പക്ഷേ യഹ്യാഖാന്റെ തോക്കുകൾക്കു ഇരയായിത്തീർന്ന പത്തു ലക്ഷത്തെപ്പറ്റിയും, പറഞ്ഞാലൊടുങ്ങാത്ത മർദ്ദനത്തിന്നു് വിധേയരായി പ്രാണനും കൊണ്ട് കടി പുറപ്പെട്ടു പോയവരെപ്പറ്റിയും കനിവുള്ള ഒരു വാക്കു പോലും ഈ ഭയങ്കരന്മാർ ഇന്നുവരെ പറഞ്ഞില്ലല്ലോ. ഹിറ്റ്ലറുടെ ഇരുട്ടറകളിലിട്ടുള്ള വിഷവാതകപ്രയോഗത്തെപ്പോലും ലജ്ജിപ്പിക്കുന്ന ക്രൂരതകളുടെ സകല വിവരങ്ങളും അറിഞ്ഞിട്ടും അറിഞ്ഞ ഭാവം നടിക്കാത്തതു് അൽഭുതമായി തോന്നുന്നില്ലേ? പാകിസ്ഥാൻ പട്ടാളം വാശി തീർക്കുന്നതു മുഴുവനും സ്ത്രീകളോടാണ്.

അമ്മയില്ലേ, സഹോദരിമാരില്ലേ,

ഇമ്മൃഗർക്കീശ്വരചിന്തയില്ലേ?

എന്ന് ആരും തലയിൽ കൈവെച്ച് നിലവിളിച്ചുപോകുന്നക്രൂരതകളും അധർമ്മങ്ങളുമാണ് ഇഷ്ടാനുസരണം വോട്ടു ചെയ്തതിന്നു് ശിക്ഷിക്കുവാൻ ചെന്ന കിരാതന്മാർ ചെയ്തത്. അതിനെപ്പറ്റിയും ലോകരാഷ്ട്രങ്ങൾക്ക് വ്യസനമെന്നല്ല ആക്ഷേപം പോലുമില്ല. എന്താണ് ഇതിന്റെ രഹസ്യം? ''കല്ലു കൊണ്ടോ മനം താവകം?'' എന്നു ചോദിക്കുവാൻ തോന്നുന്നു. ഈ മൃഗീയതയെപ്പറ്റി മൗനം ദീക്ഷിക്കുകയും, അതിനെ പരസ്യമായി അംഗീകരിക്കുകയും രഹസ്യമായി പ്രോത്സാഹിപ്പിക്കുകയും ചെയ്ത മഹാപാതകത്തിന് ഇന്നത്തെ ലോകം ചരിത്രത്തിന്റെ നീതിപീഠത്തിനു മുമ്പിൽ പ്രായശ്ചിത്തം ചെയ്യേണ്ടിവരും; നിശ്ചയമാണ്. വാദത്തിനു വേണ്ടി, ഈ കലാപങ്ങളെല്ലാം ഇന്ത്യ ഇളക്കിവിട്ടതാണെന്നും, വേണമെങ്കിൽ മുജിബുർ റഹ്മാൻ ഇന്ത്യയു



Digitized by Kerala Sahitya Akademi

ട ചാരനാണെന്നു പോലും സമ്മതിക്കുക. എന്നാലും, ഡിസംബർ മാസത്തിനു മുമ്പ് ബംഗ്ളാദേശിൽ നടന്നതു് പാകിസ്ഥാൻ പട്ടാളവും ബംഗാളികളും തമ്മിലുള്ള കിളിത്തട്ടുകളിയാണെന്നു് കരുതുവാൻ സാധിക്കുമോ?

## ഇന്ത്യൻ സംസ്കാരം

പാകിസ്ഥാൻെറ ഈ പൈശാചികത്വത്തിനും, അതിനു നേതൃത്വം നൽകിയ നരാധമന്മാരുടെ നേർക്കു് അന്യരാജ്യക്കാർ പ്രദർശിപ്പിച്ച ആനുകൂല്യത്തിനും അതിനെ തടയുവാൻ ശ്രമിച്ച ഇന്ത്യയോടു കാണിച്ച വിരോധത്തിനും ഒരൊററ വ്യാഖ്യാനമേയുള്ളൂ. ഇന്ത്യയുടെ ആദർശവാദമാണ്, സംവേദനശീലമാണ്, സംസ്കാരമാണ് ഇവർക്കാർക്കും സഹിക്കാത്തതു്. എന്തിനിങ്ങിനെ ദുഃഖിതന്മാർക്കു് ശരണാഗതി നൽകി? ബംഗ്ളാദേശുകാർ അനുഭവിച്ചതു് അവരുടെ കാര്യം എന്നു കരുതി സ്വന്തം പാടു് നോക്കരുതായിരുന്നോ? അതിർത്തികൾ അടച്ചിടരുതായിരുന്നോ? ഞങ്ങളുടെ മിത്രമായ യഹ്യാഖാനെ കുററം പറഞ്ഞതെന്തിന്? ഈ ചോദ്യങ്ങൾക്കു് ഉത്തരം കിട്ടണമെങ്കിൽ, ഈ വിഷയത്തിൽ ഇന്ത്യയുടെ പ്രതികരണം മനസ്സിലാകണമെങ്കിൽ, മനുഷ്യത്വം വേണം, സംവേദനശക്തി വേണം സനാതനമായ സംസ്കാരം വേണം. അന്യൻെറ വേദനയെ സ്വന്തം വേദനപോലെ അനുഭവിക്കുകയും, പരദുഃഖത്തിൽ അലിയുകയും ചെയ്യുന്ന ഹൃദയം വേണം. അതു സമരബലം കൊണ്ടും, സാങ്കേതിക വൈദഗ്ദ്ധ്യം കൊണ്ടും കിട്ടുന്നതല്ല. ചന്ദ്രനിൽ പോയാലും ലഭിക്കുകയില്ല. കുബേരത്വം കൊണ്ടു് നേടാവുന്നതല്ല. ഔദാര്യത്തിൻെറ പര്യായവുമല്ല. വിദ്വത്വവും സദ്വൃത്തിയും വളർത്തിയതുകൊണ്ടുമാത്രം വിളയുന്നതുമല്ല. താൻ ആത്മാവാണെന്നും, ഈ പ്രപഞ്ചത്തിലുള്ള ഒരേ ഒരു സത്യം അതുമാത്രമാണെന്നും, സമസ്ത ചരാചരങ്ങളും ആ ചൈതന്യത്തിൻെറ ബഹിഃസ്ഫുരണമാണെന്നും കരുതുന്ന അദ്ധ്യാത്മബുദ്ധിയുടെ പരിപാകമാണതു്. ''സർവ്വഭൂതസ്ഥമാത്മാനം, സർവ്വഭൂതാനി ചാത്മനി'' (തന്നെ സർവ്വ ജീവികളുടെയും ഉള്ളിലും, സർവ്വ ജീവികളെയും തൻെറ ഉള്ളിലും) ദർശിക്കുന്ന സ്നേഹഭാവന. ഇരുനൂറു തലമുറകളായി ഭാരതീയ ജനത പരമ പുരുഷാർത്ഥമായി ഉപാസിക്കുന്ന സംസ്കാരത്തിൻെറ സാരസർവ്വസ്വമാണതു്. നമുക്കു അതിനേക്കാൾ ശ്രേഷ്ഠമായ പാരമ്പര്യമില്ല. അതിലും വലിയ പൂർവ്വ സ്വത്തില്ല. നിരന്തരമായ നിദിദ്ധ്യാസം കൊണ്ടു് നമ്മുടെ പൂർവ്വികന്മാർ നേടിയ ഉൾക്കാഴ്ചയാണതു്. അതിൻെറ മഹത്വവും പവിത്രതയും അന്യ രാജ്യക്കാർക്കു ദുർഗ്രഹമാണ്. അതിൻെറ പ്രേരണമൂലം ഉണ്ടാകുന്ന പ്രതികരണം അവർക്കു മനസ്സിലാവുകയില്ല. രാഷ്ട്രീയമായ പുരോഗതിക്കു് വിഘാതമായിത്തോന്നുന്ന ഈ ഹൃദയാലുത്വം അവരെ അരിശം കൊള്ളിക്കുന്നു. തന്മൂലം ഇന്ത്യക്കാരനെയും അവൻ പേറിക്കൊണ്ടു് നടക്കുന്ന ഈ സംസ്കാരത്തേയും അവർ വെറുക്കുന്നു. അതിനെ ഇടിച്ചു പറയുവാൻ ഉത്സാഹം കാണിക്കുന്നു. ഒരു ഭാരതീയൻ അതേപ്പററി അഭിമാനത്തോടെ സംസാരിച്ചുപോയാൽ അമേരിക്കക്കാരനും ചൈനക്കാരനും ആഫ്രിക്കക്കാരനും അറേബ്യക്കാരനുമെല്ലാം ഉടനേ പറയും: ''ശ്രേഷ്ഠംതന്നെ സമ്മതിച്ചു. പക്ഷേ അതിനെ ഇത്രനാളും പൂജിച്ചിട്ടും നിങ്ങൾ പട്ടിണിപ്പരിഷകളായി ദശഷിക്കുന്നുവല്ലോ.''

''ഇന്ത്യയിലെത്തിയതിൽ ഞാൻ സന്തോഷിക്കുന്നു''
—പടിഞ്ഞാറൻ മുന്നണിയിലെ ഒരു യുദ്ധത്തടവുകാരൻ



മനുഷ്യജീവിതത്തിൻെറ മാന്യതയ്ക്കുള്ള ഉരകല്ല് പട്ടിണി കിടക്കുന്നുവോ, ഇല്ലയോ, എന്ന വസ്തുതയാണെന്ന ഈ വിശ്വാസപ്രമാണം, എൻെറ മാതൃഭൂമി, നീ ഒരു കാലത്തും അംഗീകരിക്കുവാൻ ഇടയാകാതിരിക്കട്ടെ! ഭുവനഭൂതികൾക്കുവേണ്ടി ഏതു അധർമ്മവും ചെയ്യാമെന്നുള്ള അസുരബുദ്ധി അതിൽ നിന്നാണ് ജനിക്കുന്നതു്. അതുകൊണ്ടു് ലോകമേധാവിത്വം നേടാമെന്നു കരുതുന്നവർ നേടിക്കൊള്ളട്ടെ. മനുഷ്യനു മാത്രമേ ആത്മാവുള്ളു; അതുതന്നെയും വെളുത്ത തൊലിയുള്ളവനേയുള്ളു. അല്ലെങ്കിൽ പുരുഷനേയുള്ളു, സ്ത്രീക്കില്ല, അതുമല്ലെങ്കിൽ, ഒരു പടികൂടി കടന്നു്, ആത്മാവില്ല ശരീരമേയുള്ളു സർവ്വഭൂതങ്ങളും തൻെറ സ്വാർത്ഥം സാധിക്കാനുള്ള ഉപകരണങ്ങളാണ്; എന്നും മററുമുള്ള സങ്കല്പങ്ങളാണ് അവരുടെ ജീവിത വീക്ഷണത്തിൽ അന്തർഭവിച്ചിരിക്കുന്നതു്. അങ്ങിനെയാകുമ്പോൾ പത്തു ലക്ഷം ബംഗാളികളെ ബലി കഴിച്ചാലെന്തു്? സ്ത്രീ സമുദായത്തെ മുഴുവനും ദ്രോഹിച്ചാലെന്തു്? വിയററ്നാമിലെ മനുഷ്യ സമുദായത്തെ മാത്രമല്ല, കൃഷിഭൂമിയേയും വനതലങ്ങളേയും പശുപക്ഷിമൃഗാദികളെയും ചുട്ടു






Digitized by Kerala Sahitya Akademi

കാറിപ്പ്വാലെന്ത്? കൈക്കുഞ്ഞുങ്ങളുടെ കഴുത്തറുത്താലെന്ത്? നിക്സൻ മാവോസേതുങ്ങിനെയും, മാവോനിക്സനേയും പ്രണയിച്ചാലെന്ത്?

അടുത്ത കാലത്തായി അന്യ രാജ്യക്കാരുടെ വിരോധത്തിനു മൂർച്ച കൂട്ടുവാൻ ഒരു വിശേഷ കാരണം കൂടി ഉണ്ടായിട്ടുണ്ട്. ഈ പുതിയ കാരണം അവരുടെ നാടുകളിൽ നിറഞ്ഞ് കവിഞ്ഞ് ഇന്ത്യയിലെ തെരുവീഥികളിലേയ്ക്കും വഴിയമ്പലങ്ങളിലേയ്ക്കും വ്യാപിച്ചു തുടങ്ങിയിരിക്കുന്നു. കണ്ണുള്ളവർക്കെല്ലാം കാണാവുന്ന കാഴ്ചയാണിത്. പട്ടിണിയെ ജയിച്ച് പത്തരമാറ്റും തെളിയിച്ചതെന്ന് സമസ്തലോകവും വിശ്വസിച്ചിരുന്ന പുത്തൻ പരിഷ്ക്കാരത്തിൽ ജനിച്ചു വളർന്ന യുവജനങ്ങൾ കൂട്ടത്തോടെ ഇളകി അതിനെ പരസ്യമായി അവഹേളിച്ചുകൊണ്ട്, മുടിയും താടിയും വളർത്തി, നനക്കാതെയും കുളിക്കാതെയും, വേണ്ടത്ര വസ്ത്രങ്ങൾ പോലും ധരിക്കാതെ, രുദ്രാക്ഷമാലയും ഭസ്മചന്ദനങ്ങളും ചാർത്തി, രാമനാമവും കീർത്തനങ്ങളും പാടി, നാടുനീളെ നടക്കുന്നു. ശരിയായ വാനപ്രസ്ഥം തന്നെ. ശുക്ര ബ്രഹ്മർഷിയെപ്പോലെ കൗമാരത്തിൽതന്നെ പരിവ്രാജകത്വം സ്വീകരിച്ചിരിക്കുകയാണ്. സ്വന്തം രാജ്യത്തെ മുതിർന്ന തലമുറക്കാർ മാന്യമായും ശ്രേഷ്ഠമായും ശ്രേയസ്കരമായും കരുതുന്നതിനെ മുഴുവനും അവർ പരിത്യജിച്ചിരിക്കുന്നു. ''നിങ്ങളുടെ ഐശ്വര്യവും വേണ്ട, സംസ്കാരവും വേണ്ട. യന്ത്രവിദ്യകളും വേണ്ട. തത്വജ്ഞാനങ്ങൾ കേൾക്കുകയേ വേണ്ട. ജീവിതസൌകര്യങ്ങൾപോലും ആവശ്യമില്ല. ജീവിതം എന്നു പറയുന്ന ഈ പ്രഹേളികയുടെ, പേക്കിനാവിന്റെ, അർത്ഥമെന്തെന്നു മനസ്സിലാക്കുവാൻ നോക്കട്ടെ. കഞ്ചാവു വലിച്ചാൽ മനശ്ശാന്തി കിട്ടുമെങ്കിൽ അതും നോക്കാം. കാമസൂത്രവും വാമമാർഗവും നോക്കണമെങ്കിൽ അതിനും തയ്യാർ തന്നെ.'' എന്നാണ് അവരുടെ മനോഭാവം.

യൂറോപ്പിൽ OECD (Organisation for Economic Co-operation and Development) എന്നൊരു സംഘടനയുണ്ട്. അവരുടെ ഏററവും ഒടുവിലത്തെ റിപ്പോർട്ടിൽ (1971) പറയുന്ന ചില കാര്യങ്ങൾ ഏററവും ശ്രദ്ധേയമാണ്. വികസിത രാജ്യങ്ങൾ ഉണർന്നു പ്രവർത്തിക്കേണ്ട സന്ദർഭമാണിത്. അവർ പുലർത്തുന്ന സാങ്കേതിക പരിഷ്ക്കാരത്തിലും സമ്പദ് വ്യവസ്ഥയിലും യുവജനങ്ങൾക്ക് വിശ്വാസം നശിച്ചിരിക്കുന്നു. ഈ പ്രവണതയെ ദീർഘ ദൃഷ്ടിയോടെ വേണ്ട വിധത്തിൽ കൈകാര്യം ചെയ്യില്ലെങ്കിൽ ആപത്തുണ്ട്. മനുഷ്യരുടെ ഇടയ്ക്ക് ആവശ്യങ്ങൾ ജനിപ്പിച്ച്, അവയെ സാധിച്ചു കൊടുക്കുന്ന യത്നം കൊണ്ട് സമ്പത്തുണ്ടാക്കുന്ന വ്യവസ്ഥിതിയാണ് നിലവിലുള്ളത്. ഇതിന്റെ ആശാസ്യതയെപ്പററിയുള്ള സംശയം പരക്കെയുണ്ട്. യുവജനങ്ങൾ സ്വന്തമായ ഒരു സാർവ്വലൌകികസംസ്കാരം രൂപവൽക്കരിക്കുകയാണ്. അതു ഭൗതിക വാദത്തെ നിരസിക്കുന്നു. വ്യവസായ വിദ്യ ഭൂമിയെ മലിനമാക്കുന്നതിൽ ശക്തിയായി പ്രതിഷേധിക്കുന്നു. സമ്പത്തിലുള്ള അസമത്വം മാത്രമല്ല സാമർത്ഥ്യത്തിന്റെ കാര്യത്തിലുള്ള അസമത്വവും [illegible]




ഇന്ത്യൻ പട പ്രവേശിച്ച പാകിസ്ഥാൻ പ്രദേശത്ത് ആദ്യമായെത്തിയ പത്രപ്രവർത്തകർ. ഫോട്ടോഗ്രാഫർ ചന്ദ്രകാന്ത്, യു. പി. ഐ യുടെ ശ്രീനാഥ്

മായിത്തീർന്നിരിക്കുന്നു. അധികാരിവർഗത്തെ അവർ അങ്ങേയററം വെറുക്കുന്നു. ഈ മനോഭാവങ്ങൾ തുടർന്നുപോയാൽ യുക്തിയേയും ബുദ്ധിയേയും നിരസിക്കുന്ന അഭിപ്രായഗതി കൈവരുവാൻ ഇടയുണ്ട്. ഈ ദശകത്തിൽതന്നെ ഇവ നാം പ്രതീക്ഷിക്കുന്നതിൽ കൂടുതലായ സ്വാധീനശക്തി നേടിയേക്കാം. ലോകത്തിലെ ദുഃഖങ്ങൾ നീക്കുന്നതിനു ഇതുവരെ സ്വീകരിച്ച പ്രതിവിധികൾ കൊണ്ടു ഉടനടി കാര്യമായ ഗുണമുണ്ടായില്ലെങ്കിൽ ഈ ആപത്ത് തീർച്ചയായും സംഭവിക്കും. ഈ പരാജയം സയൻസിന്റെ പുരോഗതിയെ അവതാളത്തിലാക്കുകയും തന്മൂലം ആധുനിക പരിഷ്ക്കാരം സൃഷ്ടിച്ച പ്രയാസങ്ങളെ കൈകാര്യം ചെയ്യു [illegible]

ങ്ങൾ പോലും ഇല്ലാതാവുകയും ചെയ്യും. യുവജനങ്ങളുടെ ഈ ഇടയിളക്കമാണ് ആധുനിക രാഷ്ട്രങ്ങളെ ഏററവും കൂടുതൽ ഉൽക്കണ്ഠാകുലരാക്കുന്നത്, കഴിഞ്ഞ നാലു നൂററാണ്ടുകൊണ്ട് തങ്ങൾ നേടിയ ഉൽക്കർഷത്തിന്നും ലോകമേധാവിത്വത്തിന്നും അതൊരു ഭീഷണിയാണെന്നു അവർ കരുതുന്നു. ശത്രുരാജ്യങ്ങളുടെ ആയുധ സംഭാരത്തെയും സേനാസന്നാഹത്തേയും അവർ ഇത്രത്തോളം ഭയപ്പെടുന്നില്ല. നീണ്ട മുടിക്കാരായ ഈ യുവജനങ്ങൾ ആററംബോമ്പിനേക്കാൾ വലിയ ആപത്താണ്. അവരുടെ എണ്ണം അടിക്കടി പെരുകുകയും ചെയ്യുന്നു. ഇക്കഴിഞ്ഞ ഡിസംബർ മാസം ഒടുവിൽ ഇക്കൂട്ടത്തിൽ പെട്ട ഒരു അമേരിക്കൻ യുവാ [illegible]



Digitized by Kerala Sahitya Akademi

# ഐക്യ സമര ഭേരി

(സമരം—ഇരുളും വെളിച്ചവും തമ്മിൽ സമരം —മനുഷ്യഹൃദയത്തിലെ നന്മതിന്മകളുടെ കുരുക്ഷേത്രസമരം—ഒടുങ്ങാത്ത നിത്യസമരം—രണ്ടിനും അപ്പുറത്ത് സർവ്വസാക്ഷിയായി കണ്ണീരിലും പുഞ്ചിരിയിലും കളിപ്പൂ [illegible] [illegible].)

ഗംഗായമുനകൾ വാരിപ്പൂശും
സിന്ദൂരം മാച്ച
പുണ്യഹിമാലയഗോപുരഭിത്തിയിൽ
വീണ്ടും കരിതേച്ചു.
ഊഴിവിഴുങ്ങും ഗരളത്തിൻ
തീജ്വാലകളലതല്ലി
ഭാഗംവാങ്ങിപ്പോയതമസ്സിൻ
പ്രേതം കലിതുള്ളി,
ചതികൾ പിരിക്കും കരിമൂർഖൻമെയ്
ചുരുളു നിവർത്തുന്നു
തലമുറതിന്നും കരിമലയൻ
കലി തുള്ളിച്ചീറുന്നു,
സ്വാതന്ത്ര്യാമൃതഭാഹാർത്തിതരായ്
തേങ്ങി വിതുമ്പീടും
ശതലക്ഷം നവമുകുളാവലി തൻ കണ്ഠം
ഛേദിച്ചു.
ഫലഭരമേന്തും ലതകളെ വാളിൻ
മുനകൾക്കൂണാക്കി
തെളിയും മുഴുമതി ബിംബം മൂടൽ
തടവിൻ തുണയാക്കി,
കനകം വിളയും വയലുകളിൽ
കനിയുതിരും തോപ്പുകളിൽ,
ഏതോ തോക്കിൻ പുകയാൽ
എല്ലിൻ ശവമഞ്ചം വെച്ചു
മംഗളദീപജ്വാല കിളർക്കും
മോഹനനഗരത്തിൽ,
ശാന്തി വിപഞ്ചിക മീട്ടും
സുന്ദര കഗ്രാമസ്ഥലിയിൽ
മോചനവാഹിനി കുകം
കല്പകവാടികൾ തീ വെച്ചു.
പകലിൻ സ്വർഗ്ഗകവാടം
തോറും നരകം നിർമ്മിച്ചു
ഊഴി വിഴുങ്ങും ഗരളത്തിൻ
തീജ്വാലകളലതല്ലി
ഭാഗം വാങ്ങിപ്പോയ തമസ്സിൻ
പ്രേതം കലിതുള്ളി
ചിറക തകർന്നും കരള കരിഞ്ഞും
പറവകളശരണരായ്,
അഭയാർത്ഥികൾ തൻ കൂടായ്—
പ്പഴകിയ കോവിൽമന്ദാരം
തീയല പാളും തുറുകൺ
നോക്കാലുണ്ടകൾ പായിച്ചു
കനകം വിളയും നാടിൻ
കരളിൽദ്ദുരിതം വേവിച്ചു

പി. കുഞ്ഞിരാമൻനായർ

മിന്നൽപ്പിണരുകൾ ചവച്ചു തുപ്പി
ദംഷ്ട്രാമുന നീട്ടി
അരങ്ങിലലറിച്ചുടലബ്ഭ്രതം
രാവിൻ കരിവേഷം
ഉലകിൻ കോയ്മച്ചെങ്കോൽ
പൊക്കും വെളുത്ത മേഘങ്ങൾ,
വ്യാജച്ചുതിൻ കരുക്കൾ നീക്കും
ചൂണ്ടൻവള്ളക്കാർ
ചതിച്ചു തല്ലിക്കൊല്ലും വാലിൻ
കൈലേസുകൾ വീശി,
ശാസ്ത്രം നീക്കം കടലിലെയാററം
മുതലക്കൂററന്മാർ
ചെന്നായ്, കരടികൾ, കഴുതപ്പുലിയും
പടയണി നീട്ടുമ്പോൾ,
വിളിച്ചു ചൊല്ലീ 'പൊരുതിക്കൊൾവിൻ
തുണയുണ്ടീ ഞങ്ങൾ',
ചൊരിഞ്ഞു വാനിൽ നിന്നും
താഴേയ്ക്കിരുളിൻ കുമ്പാരം
കരച്ചു ചാടും നാടിൻ തലവൻ
തമസ്സു ഗർജ്ജിച്ചു,
കൃത്രിമമായിയമർത്തിയ
പല്ലിൽച്ചോരയൊലിപ്പിച്ചു
കരച്ചു ചാടും നാടിൻ തലവൻ
തമസ്സു ഗർജ്ജിച്ചു,
'ഇറങ്ങി ഞാനാപ്പുലരിയുമായി
ട്ടന്തിമസമരത്തിൽ'

മനുജൻ വേലിവളക്കും നീലക്കടലിൽ
മലനിര
ഇരുളിനെ വെല്ലും സൈനിക—
നിരയിൽ ചൈതന്യം പാകി
സൗന്ദര്യച്ചെന്താമരമല—
രൊത്തിന്ദിര തേൻ തൂകി
നവചൈതന്യം വിതറും മോഹന
തേജസ്സിൻ റാണി,
പൂച്ചെണ്ടരുളി ചുററീ മാധവ
മാസത്തിൻ റാണി,
'യുവരശ്മികളെ നവയുഗഭാസ്സുര
രത്നപ്രതിമകളെ
ഉണരുവിനുണരുവിൻ ഉദയത്തിൻ
രണഭേരി മുഴങ്ങുന്നു.
ചിതറുകവാനിൻ വേദിയിൽ
ആദിമഹസ്സിൻ സന്ദേശം,
ഉണരും പറവക്കൊക്കിൻ ഭാസുര
ഭാരത സന്ദേശം
കൺമണിപോററിസ്സർവ്വചരാചര
ജീവിത ഹൃൽസ്പന്ദം,
നിലനിർത്തുന്ന വെളിച്ചത്തിൻ
നാടെന്നും പുലരട്ടെ,
സത്യത്തിൻ പൊന്മെതിയടി
ചൂടും മൺതരിയുണരട്ടെ
നിത്യവസന്തച്ചേണഴകിൻ
മരമെങ്ങും പൂക്കട്ടെ,
ഉദയാചലമണിപീഠത്തിൽ
പ്പൊൻതളിക തിളങ്ങട്ടെ,
ഏഴുനിറത്തിൻ കതിരുകൾ
നീങ്ങും നാദം പൊങ്ങട്ടെ,
വിരിഞ്ഞ പൂവിൽ തേൻ കണമായി
പാവനസന്ദേശം,
ഉണരും പറവക്കൊക്കിൽ ഭാസുര
ഭാരതസന്ദേശം
രണ്ടായ് കാണും കാഴ്ചക്കപ്പുറമേകത്വംതേടി
നീലാകാശനികുഞ്ജം പററും
ഗന്ധർവ്വൻ പാടി
ഇരുവർണ്ണത്തിൽ വിരിഞ്ഞു നിൽക്കും
പുതുപൂക്കൾ നിങ്ങൾ,
ഇരട്ട പെററൊരു സന്താനങ്ങൾ
ഇരുളും തേജസ്സും
പിണങ്ങി;യെന്നാലുണരട്ടെ
പുതുപുലരികളിൻകോരി,
ഇണങ്ങിയൊന്നായലിഞ്ഞുപുണരും
സമരത്തിൻ ഭേരി.
പൂക്കും പുലരിയിൽ മല്ലപ്പൂപ്പുറ
വെയ്ക്കും രജനികളിൽ,
ഇണങ്ങിയൊന്നായലിഞ്ഞു പുണരും
സമരത്തിൻ ഭേരി.

---

വെച്ച് ഞാൻ പരിചയപ്പെടുകയുണ്ടായി. മുഷിഞ്ഞ ഖദർ മുണ്ടും ഷർട്ടും ധരിച്ച്, താടിയും വളർത്തി, മാലയണിഞ്ഞ്, നിലത്തിരുന്ന് ''നരഹരിരൂപ, നാരായണാ നാരായണാ, സത്യനാരായണ'' എന്നു നിർത്താതെ ജപിക്കുന്ന സ്ഥിതിയിലാണ് കണ്ടത്. അതു കഴിഞ്ഞ് കുറച്ചു നേരം സംസാരിച്ചു. ഇരുപത്തിയഞ്ചു വയസ്സായി. ആറരയടിയെങ്കിലും പൊക്കമുണ്ട്. ഏറെക്കുറെ ഏബ്രഹാം ലിങ്കന്റെ ആകൃതി. നരവംശശാസ്ത്രത്തിൽ ഡിഗ്രിയെടുത്തിട്ടുണ്ട്. അച്ഛൻ അമേരിക്കയിലെ ഒരു സ്റ്റേററ് യൂണിവേഴ്സിററിയിൽ ഗണിതശാസ്ത്രത്തിന്റെ പ്രൊഫസറാണ്. ആറേഴ വർഷക്കാലം അമേരിക്കൻ ജീവിതത്തിൽ അസംതൃപ്തനായിത്തീർന്ന് അസ്വസ്ഥതയനുഭവിച്ചശേഷം, അച്ഛനമ്മമാരുടെ ഉപദേശത്തെ വിഗണിച്ച്, പത്തു മാസം മുമ്പ് ഇന്ത്യയിൽ വന്നു. നിരന്തരമായ അദ്ധ്യാത്മ സാധനയിൽ ഏർപ്പെട്ടിരിക്കുകയാണ്. അതിന്റെ പ്രയോജനം ബോധ്യമായപ്പോൾ സഹോദരിക്ക് എഴുതി അയച്ച് അവളേയും ഇവിടെ വരുത്തി. ആ കുട്ടിയും അല്പം അകലെ ഇരുന്നു നാമം ജപിക്കുന്നതു കാണിച്ചുതന്നു. അവൾ പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഒരു വർഷത്തേക്ക് അതു മുടക്കിയിട്ട് വന്നിരിക്കുകയാണ്. ഇവർ രണ്ടു പേരും പോയതറിഞ്ഞപ്പോൾ ഒരു കൂട്ടുകാരനും വിവരങ്ങൾ അന്വേഷിച്ച് മനസ്സിലാക്കി ഇന്ത്യയിലെത്തി. ആ വിദ്വാന്ന് അമേരിക്കയിൽ താൻ പഠിച്ചതു മുഴുവനും മറക്കണമെന്നാണ് മോഹം. മക്കളുടെ മുറയ്ക്കുള്ള കത്തുകൾ വായിച്ചു അച്ഛനമ്മമാരുടെ അഭിപ്രായവും മാറിത്തുടങ്ങിയിരിക്കുന്നു. ഇതിൽ എന്തോ കാര്യമുണ്ടെന്നുതന്നെ അവർ ഇപ്പോൾ വിശ്വസിക്കുന്നു. വെറും ഭ്രാന്ത് എന്നാണ് മുമ്പ് പറഞ്ഞിരുന്നത്. മകന്റെ ഗുരുവിനോടുള്ള ആദരവു കാണിക്കാൻ അച്ഛൻ വലിയ തുകയ്ക്കുള്ള ഒരു ചെക്ക് അയച്ചുകൊടുത്തു. (ഭാരതീയരെപ്പററി പാശ്ചാത്യരുടെ മനസ്സിലുള്ള ചിത്രം!) സ്വാമി ഭക്തജനങ്ങളിൽനിന്നു പുഷ്പംപോലും സ്വീകരിക്കാത്തതുകൊണ്ട് ആ ചെക്ക് അങ്ങിനെതന്നെ മടക്കേണ്ടി വന്നു. അടുത്തുതന്നെ അമ്മയും ഇങ്ങോട്ട് വരാൻ നിശ്ചയിച്ചിരിക്കുകയാണെന്നു എഴുതിയിട്ടുണ്ടത്രേ. ''ഞങ്ങളെപ്പോലെ ഇന്ത്യയിലേയ്ക്കു തീർത്ഥാടനം നടത്തുവാൻ

(ശേഷം 101-ാം പേജിൽ)



Digitized by Kerala Sahitya Akademi

# ദേവാസുരയുദ്ധം

10–ാം പേജിൽ നിന്നു തുടർച്ച)

നിവൃത്തിയില്ലാതെ നാട്ടിലിരുന്നു ധ്യാനിക്കുന്നവരുടെ എണ്ണമറിഞ്ഞാൽ നിങ്ങൾ അത്ഭുതപ്പെട്ടുപോകും. ഞങ്ങളുടെ രാജ്യം കീഴ്മേൽ മറിയുകയാണ്. ഈ പരിവർത്തനം എത്രമേൽ അത്യാവശ്യമായിരിക്കുന്നു എന്നു അവിടെ ജനിച്ചു വളർന്ന ഞങ്ങൾക്കേ അറിയാവൂ. നമസ്തേ! നരഹരിരൂപ, നാരായണാ നാരായണാ, സത്യനാരായണാ. . . .''

ഗവർമ്മേണ്ടിനും ഭരണാധികാരികൾക്കും പരിഭ്രമം തോന്നുകയില്ലേ? കരിംകരങ്ങന്മാരുടെ ഒരു രാജ്യം! ചോറു മാത്രം സത്യം, ബാക്കിയെല്ലാം മിഥ്യ എന്നു കരുതി അന്യരാജ്യക്കാരെ ആശ്രയിച്ചു കഴിയുന്നതിന്നു പകരം നാമം ജപിച്ചു ലോകത്തെ വശീകരിക്കാൻ ശ്രമിക്കുകയോ? ഞങ്ങളുടെ അനുവാദമില്ലാതെ യുദ്ധത്തിന്നിറങ്ങുകയോ? പാക്കിസ്ഥാന്റെ രാഷ്ട്രീയ ലക്ഷ്യവും മത വിദ്വേഷവും ഞങ്ങൾക്ക് മനസ്സിലാക്കുവാൻ സാധിക്കും. അവയുടെ പേരിൽ നടത്തിയ നരമേധങ്ങളുടെ നേർക്ക് കണ്ണടയ്ക്കുവാനും ഞങ്ങൾക്കു വിഷമമില്ല. ഞങ്ങളുടെ ചരിത്രത്തിലും ഇങ്ങിനെയൊക്കെ നടന്നിട്ടുണ്ട്. പക്ഷേ ഗാന്ധിജിയുടെയും ഇന്ദിരാഗാന്ധിയുടെയും ഈ കിഴക്കൻ രാജ്യത്തിന്റെ പ്രതികരണം ഞങ്ങൾക്കു മനസ്സിലാകുന്നില്ല. അഹിംസയെന്നും സഹിഷ്ണുതയെന്നും പ്രസംഗിച്ചു നടന്നിട്ട് യുദ്ധത്തിനു പോകുന്നത് ധിക്കാരമല്ലേ?

സത്യത്തിൽ ചർച്ചിലിനു ഗാന്ധിയോട് തോന്നിയ വിരോധം തന്നെയാണ് നിക്സനു ഇന്ദിരയോടും ഉണ്ടായിരിക്കുന്നത്. ഗാന്ധിജി അസ്വതന്ത്രയായ മാതൃഭൂമിയുടെ മുക്തിക്കുവേണ്ടി പോരടിച്ചു. ഇന്ദിര സ്വാതന്ത്ര്യം നേടി തന്റെ ആത്മാവിനെ കണ്ടെത്തിയ ഇന്ത്യയുടെ ആദർശത്തെയും അഭിമാനത്തേയും സംരക്ഷിക്കുന്നതിന്നു വേണ്ടിയും. രണ്ടും ധർമ്മയുദ്ധംതന്നെ. ഈ ജീവിതത്തിൽ പാവനവും ശ്രേയസ്കരവുമായ സകലതിനേയും സ്ത്രീരൂപത്തിൽ ആരാധിക്കുന്ന ഭാരതീയ പാരമ്പര്യത്തിനു തികച്ചും യോജിച്ച രീതിയിൽ, ആവശ്യം വന്നപ്പോൾ ദുർഗയെപ്പോലെ ശക്തിസ്വരൂപിണിയായി ശത്രുഭീഷണയായി വളർന്ന് അൻപത്തിയഞ്ചു കോടി ജനങ്ങൾക്കു നിസ്തുലമായ നേതൃത്വം നൽകി ഈ പുണ്യഭൂമിയെ വിജയശ്രീലാളിതയാക്കിയ ഭാരതപുത്രിക്ക് നമസ്കാരം.

---

# ബംഗ്ലാദേശ്

(13–ാം പേജിൽ നിന്നു തുടർച്ച)

വിന്റെ മറെറാരുദാഹരണമത്രേ.

ജനങ്ങൾക്കിടയിൽ വലിയ പ്രതീക്ഷകൾ ഉയർത്തിവിട്ട വിമോചനത്തിന്റെ ആഹ്ലാദം നിലനിർത്താൻ പുതിയ നേതൃത്വത്തിനു എത്ര കണ്ട് കഴിയും എന്നു കാണാനിരിക്കുന്നേയുള്ളു. മുജീബിന്റെ മാന്ത്രികമായ സ്വാധീന ശക്തിക്ക് പുതിയ രാഷ്ട്രത്തെ ഏറെക്കാലം ഏകീകരിച്ചു നിർത്താൻ കഴിഞ്ഞില്ലെങ്കിൽ അതൊരു ദുരന്തമായിരിക്കും.

---

ക്ഷണത്തിലും എന്താണ് സ്വാതന്ത്ര്യമെന്ന് സച്ചിദാനന്ദനും പി. ഭി. ഭാസ്കരപണിക്കരും വിശദീകരിക്കുന്നു. രാഷ്ട്രീയസാമ്പത്തികതലത്തിലെ സ്വാതന്ത്ര്യത്തെപ്പററി ഡോ: ആർ. രാമകൃഷ്ണൻ നായർ ഉപന്യസിക്കുമ്പോൾ, കലാകാരന്റെ സ്വാതന്ത്ര്യത്തിന്നു വേണ്ടി എസ്. ഗുപ്തൻ നായർ വാദിക്കുന്നു. ഡോ: എ. എസ്. നാരായണ പിള്ളയാകട്ടെ സാതന്ത്ര്യസങ്കല്പത്തെ നിർവ്വചിക്കുവാനാണ് ശ്രമിക്കുന്നത്.

വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധം അനഭിലഷണീയങ്ങളായ രൂപങ്ങൾ പൂണ്ട് മനുഷ്യനെ അനാശാസ്യങ്ങളായ പ്രവർത്തനപഥങ്ങളിൽ കൊണ്ടെത്തിച്ചിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ ഇതിലടങ്ങിയ പ്രശ്നങ്ങൾ ശരിക്കു മനസ്സിലാക്കുകയും മനുഷ്യമഹത്വത്തെ വീണ്ടെടുക്കുവാൻ ഒരു തീവ്രയത്നം ആരംഭിക്കുകയും ചെയ്യേണ്ടതാവശ്യമാണ്. അതിന്നു ഈ മൂന്നു ഗ്രന്ഥങ്ങളും സഹായിക്കും.

# ഭാരതീയവാദ്യങ്ങൾ


**Indian Folk Musical Instruments—K. S. Kothari. Sangeet Natak Akademi, New Delhi. Price ?**

ഭാരതത്തിനു മഹത്തായ ഒരു സംഗീതപാരമ്പര്യമുണ്ട്; പേരിലും രൂപത്തിലും നിർമ്മാണത്തിലും മാത്രമല്ല പ്രയോഗസങ്കേതങ്ങളിൽപോലും തനിമയുററ വാദ്യങ്ങൾ വളരെയേറെ സഞ്ചയിച്ചുകിടക്കുകയും ചെയ്യുന്നു; ഭാരതീയർ ചമൽക്കാരപൂർണ്ണമായ ഒരു വാദ്യനിർമ്മാണകലയിൽ രാജസ്ഥാനിലെ അനന്തപാരമ്പര്യത്തിന്റെ അനന്തരാവകാശികളാണെന്നു പറയുവാൻ വേറെ തെളിവൊന്നും ആവശ്യമില്ല.

അഭിമാനിക്കുവാൻ വകയുള്ള ആ ഭാരിച്ച വാദ്യസഞ്ചയങ്ങളുടെ പരിപൂർണ്ണവിവരമെടുക്കുക എന്നതു വിഷമം തന്നെ. അപ്പപ്പോഴായി ചിലർ അതിന്നു തുനിഞ്ഞിട്ടുണ്ട്; അതിന്റെ ഫലമായി കുറെ വാദ്യങ്ങളെക്കുറിച്ചു ചില വിവരങ്ങൾ ലഭിച്ചിട്ടുമുണ്ട്; ഇനിയും വിവരങ്ങൾ ലഭിക്കേണ്ടതായ വാദ്യങ്ങൾ ധാരാളമുണ്ടു താനും. കാര്യങ്ങൾ ഇവ്വണ്ണമിരിക്കെ വാദ്യങ്ങളെ സംബന്ധിച്ച് ഇറങ്ങുന്ന പുസ്തകങ്ങൾ ഒരിക്കലും അധികപ്പററായി എന്നു വരികയില്ല. ഈ നിലയ്ക്കു നോക്കുമ്പോൾ കോത്താരിയുടെ ഗ്രന്ഥം സംഗീതപ്രേമികളുടെ അഭിനന്ദനമർഹിക്കുന്നു. ഇതിൽ ലഡാക്കു മുതൽ കന്യാകുമാരി വരെയും മണിപ്പുരി മുതൽ ഭുജ് വരെയുമുള്ള പ്രദേശങ്ങളിലെ മുന്നൂറോളം വാദ്യങ്ങളെപ്പററിയുള്ള പരാമർശങ്ങൾ അടങ്ങിയിരിക്കുന്നു. സ്ഥലപരിമിതിയുടേയും മററും കുറവു കാരണം കുറിപ്പുകൾ കുറിയതാണെങ്കിലും കുറിക്കു കൊള്ളുന്നവ തന്നെ. അസാധാരണമായ വാദ്യവിശേഷങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നു.

പ്രാചീനഭാരതീയസംഗീതരീതിയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് ഈ പുസ്തകത്തിൽ വാദനസ്വഭാവങ്ങളെ അനുസരിച്ചു ഘനം, അവനദ്ധം, സുഷിരം, തതം എന്നീ പേരുകളിൽത്തന്നെയാണ് വാദ്യങ്ങളെ വകതിരിച്ചു ചേർത്തിരിക്കുന്നത്. പത്തിയഞ്ചിലധികം വാദ്യങ്ങളെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂട്ടത്തിൽ അറുപതോളം വാദ്യങ്ങളുടെ ചിത്രങ്ങളും. എന്നാൽ തമിഴകം, കേരളം, ആന്ധ്ര, മൈസൂർ എന്നിവിടങ്ങളിൽ എഴുപതിലധികം വീതം വാദ്യങ്ങൾ പ്രചാരത്തിലുണ്ടെങ്കിലും അവയിൽ യഥാക്രമം ഒമ്പതു്, പത്തു, പതിനഞ്ച്, പതിനാറു എന്ന തോതിൽ മാത്രമെ ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളു. ഈ പക്ഷപാതത്തിന്റെ പേരിൽ സംഗീത പ്രേമികൾ നെററി ചുളിക്കുന്നുവെങ്കിൽ അതു സ്വാഭാവികമാണെന്നേ പറയേണ്ടതുള്ളു.

—വി. എസ്സ്. എൻ.



ഹൈന്ദവദ്വേഷ' പ്രഭുത്വ ചരിത്രം—സ്വാമി ധർമ്മതീർത്ഥമഹാരാജ്. പേജ് 280+19. വില 4.00. പ്രസാ: എൻ. സാമുവൽ, ആനത്തറ.

മറുനാടൻമാമ്പഴങ്ങൾ (കവിത)—വിവ: എസ്. എൻ. നായർ. പേജ് 91. വില 2.00.

OBLIQUE VIEWS (Humour,—P. Thomas. Pp.103. Rs. 3.75. Horizon Publishers, Trichur.

ചിന്ത(ലേഖനം)—എം. കെ. പത്മനാഭൻ. പേജ് 84. വില 2.00. അമൃതരാഗം (കവിത)—എം. കെ. പത്മനാഭൻ. പേജ് 54. വില 1.25. ഹോളണ്ടിലെ മഹാന്മാർ (ജീവചരിത്രം)—വി. സുധ. പേജ് 51. വില 1.00. വിദ്യാർത്ഥിമിത്രം ബുക്ക് ഡിപ്പോ, കോട്ടയം.

സതി(കവിത)—എം. കെ. പത്മനാഭൻ. പേജ് 27. വില 0.60. ശ്രീനരസിംഹവിലാസം ബുക്ക് ഡിപ്പോ, ത്രിശ്ശൂർ.


## കഥകളി-കൃഷ്ണനാട്ടം

| | | |
|---|---|---|
| കഥകളിരംഗം | (കെ. പി. എസ്. മേനോൻ) | 6 ക. |
| കഥകളിയാട്ടപ്രകാരം 1–ാം ഭാഗം | ടി | 9 ക. |
| കഥകളിയാട്ടപ്രകാരം 2–ാം ഭാഗം | ടി | 9 ക. |
| കൃഷ്ണനാട്ടം (വാസുദേവൻ ഇളയത്) | | 15 ക. |
| നടന കൈരളി (ഗുരു ഗോപിനാഥ്) | | 12 ക. |

മാതൃഭൂമി സെൻട്രൽ ബുക്ക് സ്റ്റാൾ

കോഴിക്കോട്–1




Digitized by Kerala Sahitya Akademi